**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **22-07-2021 - ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നബാർഡ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് അഗ്രിക്കൽച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 2 കോടി വരെയുള്ള പ്രാഥമിക മൂല്യ വർദ്ധിത സംരഭ വായ്പകൾക്ക് (വ്യക്തികൾക്കും സംഘങ്ങൾക്കും) അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നുള്ള 3 % പലിശ ഇളവിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആകെ പ്രഖ്യാപിച്ച് ഒരു ലക്ഷം കോടി രൂപയിൽ കേരളത്തിന്റെ വിഹിതം 2520 കോടി രൂപയാണ്. പദ്ധതി കാലാവധി 2020-21 മുതൽ 2029-30 വരെ 10 വർഷമായിരിക്കും. കാർഷിക ഉല്പാദനം, വിളവെടുപ്പിന് ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി ആസ്തി വികസനം, വിഭവ സമാഹരണം എന്നീ മേഖലകളുടെ ശക്തിപ്പെടുത്തലിനും വികസനത്തിനു മാണ് ഉപയോഗിക്കുന്നത്. ഇത്തരം പദ്ധതികളിൽ 2 കോടി വരെ മുതലിന് 3 % പലിശ സബ്സിഡി ഈ പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്കായി 56 കോടി രൂപയുടെ 18 സംരഭങ്ങൾക്ക് അംഗീകാരം നൽകിട്ടുണ്ട്. 11 പ്രൊപ്പോസലുകളിലായി 45 കോടി രൂപയുടെ പദ്ധതികളുടെ പ്രോസ്സസിംഗ് പുരോഗതിയിലാണ്. ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള സപ്ലൈ ചെയിൻ സർവ്വീസുകൾ, വെയർ ഹൗസുകൾ, സൈലോ(SILOS)കൾ, പാക്കേജിംഗ് യൂണിറ്റുകൾ, പരിശോധനാ യൂണിറ്റുകൾ, സോർ ട്ടിംഗ് ആന്റ് ഗ്രേഡിംഗ് യൂണിറ്റുകൾ, കോൾഡ് സ്റ്റോറുകളും കോൾഡ് ചെയിനുകളും, ലോജിസ്റ്റിക് സൗകര്യങ്ങൾ, പ്രാഥമിക പ്രോസസ്സിം |

| | | | |
|---|---|---|---|
| | | | ഗ്സെന്ററുകൾ, റൈപനിംഗ് ചേംബറുകൾ, വാക്സിംഗ് പ്ലാന്റുകൾ എന്നിവ പോലുള്ള പോസ്റ്റ് ഹർവെസ്റ്റ് മാനേജ്മെന്റ് പദ്ധതികൾക്കാണ് ഈ പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നത്. |
| (സി) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പെർള സർവ്വീസ് സഹകരണ ബാങ്ക് ഒരു കോടി രൂപ മതിപ്പ് തുകയുള്ള ഗോഡൗൺ നിർമ്മാണ ത്തിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിനാവശ്യമായ പ്രോജക്ട് ബാങ്ക് നാളിതുവരെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. കൂടാതെ മഞ്ചേശ്വരം സർവ്വീസ് സഹകരണ ബാങ്കും പദ്ധതിയിലെ താല്പര്യം സംസ്ഥാന സഹകരണ ബാങ്കിനെ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ